**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4659** | **10-08-2021 - ൽ മറുപടിയ്ക്ക്**

**ബോട്ട് മാസ്റ്റർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർ തസ്തികയിൽ ജില്ലാതലത്തിൽ നിയമനങ്ങൾ നടത്തുന്നില്ല. ഈ തസ്തികയിലെ ഒഴിവുകൾ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകളായാണ് റിപ്പോർട്ട് ചെയ്യുന്നത്. നിലവിൽ 14 ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകളുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | മേൽ പരാമർശിച്ചിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനായി, ആയത് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ബോട്ട് മാസ്റ്റർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ബോട്ട് മാസ്റ്റർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. |
| (ഡി) | തസ്തികയിലെ മുഴുവൻ ഒഴിവുകളും അടിയന്തരമായി നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | ഒഴിവുകൾ യഥാസമയം പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളവയാണ്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ